
# പടവുകൾ



# അക്കാദമിക മാസ്റ്റർ പ്ലാൻ

## പടവുകൾ




**സെന്റ് ആൻസ് എൽ. പി. എസ് പേട്ട**

# ഉള്ളടക്കം


- അടിസ്ഥാന വിവരങ്ങൾ
- ആമുഖം
- വിദ്യാലയ ചരിത്രം
- കാഴ്ചപ്പാട്
- പൊതുലക്ഷ്യങ്ങൾ
- അവസ്ഥാ വിശകലനം
- പ്രവർത്തന കലണ്ടർ
- ഓരോ പ്രവർത്തനത്തി ൻയും വിശദാംശം
- ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. | വിദ്യാലയത്തി ൻ പേര് | : സെൻ ആൻസ് എൽ.പി.എസ് പേട്ട |
| | വിലാസം | : പള്ളിമുക്ക് പി.ഒ പേട്ട, തിരുവനന്തപുരം 695024 |
| 2. | സ്കൂൾ കോഡ് | : 43320 |
| 3. | വിദ്യാഭ്യാസ ഉപജില്ല | : തിരുവനന്തപുരം നോർത്ത് |
| 4. | വിദ്യാഭ്യാസ ജില്ല | : തിരുവനന്തപുരം |
| 5. | റവന്യൂ ജില്ല | : തിരുവനന്തപുരം |
| 6. | യു.ആർ.സി | : തിരുവനന്തപുരം നോർത്ത് |
| 7. | ബി.ആർ.സി | : തിരുവനന്തപുരം നോർത്ത് |
| 8. | കോർപ്പറേഷൻ | : തിരുവനന്തപുരം |
| 9. | നിയമസഭാമണ്ഡലം | : തിരുവനന്തപുരം |
| 10. | താലൂക്ക് | : തിരുവനന്തപുരം |
| 11. | ഇമെയിൽ | : pettahstanneslps@gmail.com |

# ആമുഖം

ഒരു വിദ്യാർത്ഥിയുടെ സമഗ്രമായ വളർച്ചയാണ് വിദ്യാഭ്യാസം ലക്ഷ്യം വയ്ക്കുന്നത്. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ അറിവുകളും,മൂല്യങ്ങളും ആർജ്ജിച്ചുകൊണ്ട് മുന്നേറുവാൻ അത് ഒരു വ്യക്തിയെ പ്രാപ്തനാക്കുന്നു. വിദ്യാർത്ഥിയുടെ വളർച്ചയിൽ പൊതു വിദ്യാലയങ്ങളുടെ പങ്ക് നിസ്സാരമല്ല. വിദ്യാർത്ഥികളുടെ ക്ഷേമത്തിനും വളർച്ചയ്ക്കുമായി പല പ്രവർത്തനങ്ങളും വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. വർണ്ണ വിവേചനം, ലിംഗസമത്വം, ഗുണമേന്മയുള്ള വിദ്യാഭ്യാസം,ഉച്ചഭക്ഷണം എന്നിവയെല്ലാം തന്നെ വിദ്യാർത്ഥികൾക്ക് ഗവൺമെൻ ഉറപ്പ് നൽകുന്നുണ്ട്.

അക്കാദമിക രംഗം കൂടുതൽ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഓരോ വിദ്യാലയവും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. 2024-25 അധ്യയന വർഷത്തിൽ വിദ്യാലയം ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

# സ്കൂൾ ചരിത്രം

ധർമ്മരാജാവി ൻ കാലത്ത് അദ്ദേഹത്തെ സഹായിച്ചിരുന്ന പ്രഭുവും വ്യവസായിയുമായ എഴുപുന്നക്കാരൻ തച്ചിൻ മാത്തൂതരകന് മഹാരാജാവ് കരമൊഴിവായി നൽകിയ ഭൂമിയിൽ തനിക്കും ത ൻ അനുയായികൾക്കും വേണ്ടി ഒരു പള്ളിപണിതു."പള്ളിയോടൊപ്പം പള്ളിക്കൂടം" എന്ന മഹത്തായ ദൌത്യം ഏറ്റെടുത്ത് ലത്തീൻ സഭ 1888-ൽ ഈ പള്ളിക്കൂടം സ്ഥാപിക്കുകയുണ്ടായി. ഇതിന് സെൻ ആൻസ് എൽ.പി.എസ് എന്ന് നാമകരണം ചെയ്തു.സമീപ പ്രദേശങ്ങളിലെ പാവപ്പെട്ട കുട്ടികളുടെ സൌജന്യ വിദ്യാഭ്യാസത്തിനായിട്ടാണ് ഈ സ്കൂൾ നിർമ്മിച്ചത്.

1888-ൽ വിദ്യാഭ്യാസം ആരംഭിക്കുമ്പോൾ 1 മുതൽ 5 വരെ ക്ലാസ്സുകൾ ഉണ്ടായിരുന്നു. തുടർന്ന് വിദ്യാഭ്യാസ രംഗത്തുണ്ടായ സമൂല മാറ്റത്തിന്റ ഭാഗമായി എൽ. പി. വിഭാഗം 1 മുതൽ 4 വരെ ക്ലാസുകളായി നിജപ്പെടുത്തി. 1964 മുതൽ 5 ഡിവിഷനും 3 അധ്യാപകരും ഇവിടെയുണ്ടായിരുന്നു. ഈ കാലഘട്ടത്തിൽ ഷിഫ്റ്റ് സമ്പ്രദായത്തിലാണ് സ്കൂൾ പ്രവർത്തിച്ചുവന്നത്.ഷിഫ്റ്റ് സമ്പ്രദായം മാറിയപ്പോൾ 9 അധ്യാപകർ ഇവിടെ ജോലി ചെയ്തുവരികയും ചെയ്തു. ചുറ്റുപാടും കൂൺ പോലെ മുളച്ചുവരുന്ന അനധികൃത വിദ്യാലയങ്ങളുടെ ഗണ്യമായ വർദ്ധനവു കാരണം കുട്ടികളുടെ എണ്ണം വളരെ കുറഞ്ഞു. എല്ലാ സ്റ്റാൻഡേർഡുകളിലും ഓരോ ഡിവിഷൻ വീതമാണ് ഇപ്പോൾ നിലനിൽക്കുന്നത്.ഒന്നു മുതൽ 4 വരെ ക്ലാസുകളിലായി 114 കുട്ടികൾ പഠിക്കുന്നു. 4 അധ്യാപകരും ഇവിടെ സേവനം അനുഷ്ഠിക്കുന്നുണ്ട്. പ്രീപ്രൈമറി ക്ലാസുകളിലായി 52 കുട്ടികൾ പഠിക്കുന്നു. 2 അധ്യാപകരും 2 ആയമാരും ഇവിടെ സേവനം അനുഷ്ഠിക്കുന്നുണ്ട്.

## കാഴ്ചപ്പാട്

- എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ആശയങ്ങളും ധാരണകളും ശേഷിയും നൈപുണ്യവും മനോഭാവവും മൂല്യങ്ങളും ആർജ്ജിക്കാനവസരമൊരുക്കുക.
- വരും കാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പാക്കുക.
- പഠനവും ബോധനവും ആഹ്ളാദകരമായ അനുഭവമാക്കി മാറ്റുക.
- കുട്ടികളുടെ സർഗ്ഗക്രിയാശേഷികളെ പരിപോഷിപ്പിക്കുന്നതിന് ഭൌതികവും സർഗ്ഗാത്മകവുമായ പ്രവർത്തന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുക.
- സന്തോഷ വിദ്യാലയം സംജാതമാക്കുക.
- നിരന്തര വിലയിരുത്തലിലൂടെ പഠനവിടവുകൾകണ്ടെത്തുകയും അവ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുക.
- ഓരോ കുട്ടിയുടെയും പഠന നിലവാരത്തിനും പഠന പുരോഗതിക്കും അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- സ്വയം പഠനം,സംഘപഠനം എന്നിവ പ്രോത്സാഹിപ്പിക്കുക.
- സമ്പൂർണ്ണ ശുചിത്വം- പ്ലാസ്റ്റിക്- കീടനാശിനി മുക്ത ക്യാമ്പസ് സൃഷ്ടിക്കുക.
- പ്രകൃതി തന്നെ പാഠപുസ്തകം എന്ന ദർശനം ഉൾക്കൊള്ളുന്ന പാഠ്യപദ്ധതി രൂപപ്പെടുത്തുക.
- കുട്ടികളുടെ മാനസികവും ശാരീരകവുമായ പ്രയാസങ്ങൾ തത്സമയം പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ വിദ്യാലയത്തിൽ തന്നെ ഉറപ്പാക്കുക.

❖ വിദ്യാലയത്തി ൻ എല്ലാ പ്രവർത്തനങ്ങളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുക.

❖ പ്രാദേശിക പ്രതിഭകളുടെ സേവനം വിദ്യാലയത്തിൽ ലഭ്യമാക്കുക.

പൊതു ലക്ഷ്യങ്ങൾ

- 1 മുതൽ 4 വരെ ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും, പഠന ലക്ഷ്യങ്ങളും, നൈപുണ്യങ്ങളും, ധാരണകളും ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പാക്കുക.
- എല്ലാ കുട്ടികൾക്കും എല്ലാ മേഖലയിലും അനുഭവം ലഭിക്കുന്നതിനും സർഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ലഭിക്കും.
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൌതീകസൌകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക.
- ക്ലാസ് മുറികളിൽ ഐ.സി.ടി അധിഷ്ഠിത ക്ലാസുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.
- കലാകായിക പ്രവർത്തി പരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൌതിക മാനസിക സാംസ്കാരിക സൌകര്യങ്ങളൊരുക്കും.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ കുറച്ചുകൂടി മെച്ചപ്പെടുത്തി പഠനപ്രക്രിയയുടെ ഭാഗമാക്കും.
- ലഘുപഠനയാത്രകൾ,ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തണം.
- കാർഷിക സംസ്ക്കാരത്തെക്കുറിച്ചുള്ള അറിവ് പകർന്ന് നൽകും.

- സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കും.
- പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തും.
- എല്ലാ കുട്ടികളെയും മാതൃഭാഷ എഴുതാനും വായിക്കാനും പ്രാപ്തരാക്കും.
- എല്ലാ കുട്ടികളിലും ചതുഷ്ക്രിയ ഉറപ്പിക്കും.
- സ്ഥാനവില തിരിച്ചറിയാൻ പ്രാപ്തരാക്കും
- ലഘുപരീക്ഷണങ്ങൾക്ക് പ്രാധാന്യം നൽകും.
- പഠനവിടവുകൾ നികത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകും.

## അവസ്ഥാ വിശകലനം

നമ്മുടെ സ്കൂളിൽ പ്രീപ്രൈമറി , എൽ.പി എന്നീ വിഭാഗങ്ങൾ പ്രവർത്തിക്കുന്നു. പ്രീപ്രൈമറി വിഭാഗത്തിൽ 52 കുട്ടികളും എൽ.പി. വിഭാഗത്തിൽ 114 കുട്ടികളാണ് 2024-25 അധ്യയന വർഷത്തിൽ ഇവിടെ അധ്യയനം നടത്തുന്നത്. 1 മുതൽ 4 വരെ ആകെ 5 ഡിവിഷനുകളാണ് ഇവിടെയുള്ളത്. പ്രഥമാധ്യാപിക ഉൾപ്പെടെ എൽ.പി വിഭാഗത്തിൽ 5 അധ്യാപകരും പ്രീപ്രൈമറി വിഭാഗത്തിൽ 2 അധ്യാപികമാരും സേവനമനുഷ്ഠിച്ചുവരുന്നു.

## നിലവിലെ ഭൗതീക അവസ്ഥ

136 വർഷം പഴക്കമുള്ള സ്കൂളാണിത്. നിലവിലെ രണ്ട് കെട്ടിടങ്ങളിൽ ഒന്ന് ഓടിട്ടതും മറ്റേത് കോൺക്രീറ്റ് കെട്ടിടവുമാണ്. ഇരുനില കോൺക്രീറ്റ് കെട്ടിടത്തിൻ്റെ താഴത്തെ നില മാത്രമാണ് ഉപയോഗിക്കാൻ അനുവദനീയമായിട്ടുള്ളൂ.മുകളിലത്തെ നിലയിൽ St Anne's church ൻ്റെ private school പ്രവർത്തിക്കുന്നു.ലാബ്, ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നതിന് പ്രത്യേക മുറികൾ ഇല്ല.

# നിലവിലെ അക്കാദമിക അവസ്ഥ

വിദ്യാലയത്തിലെത്തുന്ന ഓരോ കുട്ടിയിലും പഠന നേട്ടങ്ങൾ എത്തിക്കുന്നതിനായി എല്ലാ ആഴ്ചയിലും എസ്. ആർ.ജി ചേരുകയും പഠനപ്രവർത്തനങ്ങൾ വിശകലനം ചെയ്യുകയും ചെയ്യുന്നു.സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന രക്ഷിതാക്കളുടെ മക്കളാണ് ഇവിടെ പഠനം നടത്തുന്നവരിൽ അധികവും.പഠനത്തിൽ രക്ഷിതാക്കളുടെ പിന്തുണ കുറവാണ്. ഓരോ ക്ലാസ്സ് അധ്യാപകരും തങ്ങളുടെ ക്ലാസിലെ കുട്ടികളുടെ പഠനമികവ് നികത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ എല്ലാം തന്നെ കോർത്തിണക്കികൊണ്ടാണ് സ്കൂൾ തല അക്കാദമിക് മാസ്റ്റർ പ്ലാനിന് രൂപം നൽകിയിരിക്കുന്നത്.

# അക്കാദമിക കലണ്ടർ 2025-26

| SL No | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്കസ് |
|---|---|---|---|---|---|
| 1 | SRG യോഗം-പ്രവേശനോത്സവം സ്കൂൾ തുറക്കൽ-മുന്നൊരുക്കം. | മെയ് 28-31 | ടീച്ചേഴ്സ്PTA | | |
| 2 | പ്രവേശനോത്സവം ,നവാഗതരെ സ്വീകരിക്കൽ, പഠനോപകരണ കിറ്റ് വിതരണം,മധുര വിതരണം | ജൂൺ 2 | ടീച്ചേഴ്സ്PTA | 50,000 | |
| 3 | പരിസ്ഥിതിദിനം-വൃക്ഷതൈ നടീൽ, പച്ചക്കറിത്തോട്ട വിപുലീകരണം. | ജൂൺ 5 | ടീച്ചേഴ്സ്PTA | 2000 | |
| 4 | വായനക്കളരി- ലൈബ്രറി സന്ദർശനം, ലൈബ്രറി നവീകരണം,പുസ്തക ശേഖരണം, ക്ലാസ് ലൈബ്രറി സജ്ജീകരണം. | ജൂൺ 19 | ടീച്ചേഴ്സ് | 5000 | |
| 5 | ജനറൽബോഡി-PTA,MPTA | ജൂൺ 27 | ടീച്ചേഴ്സ്PTA | 1000 | |
| 6 | SRG യോഗം | ജൂലൈ -1 | ടീച്ചേഴ്സ് | | |
| 7 | ചാന്ദ്രദിനം | ജൂലൈ-21 | ടീച്ചേഴ്സ് | | |
| 8 | മലയാള വായന, എഴുത്ത് മെച്ചപ്പെടുത്തൽ (അക്കം, അക്ഷരം , ആനന്ദം) | ജൂലൈ മുതൽ | ക്ലാസ് ടീച്ചേഴ്സ് | | |
| 9 | ഗണിത പഠനം എളുപ്പമാക്കൽ- ഗണിത പഠനത്തിൽ പിന്നോക്കക്കാരെ കണ്ടെത്തി ഗണിത പഠനം ലളിതവും രസകരവുമാക്കൽ | ജൂലൈ മുതൽ | ക്ലാസ് ടീച്ചേഴ്സ് | | |
| 10 | പേപ്പർ ക്രാഫ്റ്റ് നിർമ്മാണം- എല്ലാ ക്ലാസിലെയും കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ-ശില്പശാല | ആഗസ്റ്റ് ആദ്യവാരം | ടീച്ചേഴ്സ് PTA, Resource Person | 3000 | |
| 11 | സ്വാതന്ത്ര്യദിനാഘോഷം-മത്സരങ്ങൾ പോസ്റ്റർ നിർമ്മാണം ക്വിസ്സ്, പതിപ്പ് നിർമ്മാണം, മധുര വിതരണം | ആഗസ്റ്റ് 15 | ടീച്ചേഴ്സ് PTA, | 2500 | |

| | | | | | |
|---|---|---|---|---|---|
| 11 | സ്വാതന്ത്ര്യദിനാഘോഷം-മത്സരങ്ങൾ പോസ്റ്റർ നിർമ്മാണം ക്വിസ്സ്, പതിപ്പ് നിർമ്മാണം, മധുര വിതരണം | ആഗസ്റ്റ് 15 | ടീച്ചേഴ്സ് PTA, | 2500 | |
| 12 | SRG യോഗം, PTA എക്സിക്യൂട്ടീവ് | ആഗസ്റ്റ് 21 | ടീച്ചേഴ്സ് | | |
| 13 | അധ്യാപകദിനം- കുട്ടി അധ്യാപകർ റിട്ട.അധ്യാപകരെ ആദരിക്കൽ | സെപ്റ്റംബർ 3 | ടീച്ചേഴ്സ് | 500 | |
| 14 | ഓണാഘോഷം- അത്തപ്പൂക്കള മത്സരം, ഓണപ്പാട്ട്, ഓണസദ്യ, ഓണക്കളികൾ | സെപ്റ്റംബർ 3 | ടീച്ചേഴ്സ് PTA, MPTA | 20000 | |
| 15 | ക്ലാസ് PTA | സെപ്റ്റംബർ 16 | ടീച്ചേഴ്സ് | | |
| 16 | Arts, Sports | സെപ്റ്റംബർ 29,30 | ടീച്ചേഴ്സ് | 5000 | |
| 17 | ഗാന്ധിജയന്തി- പരിസരശുചീകരണം പ്രത്യേക അസംബ്ലി, പ്രസംഗം, ക്വിസ് മത്സരങ്ങൾ മേളകൾ-പരിശീലനം | ഒക്ടോബർ 2 | ടീച്ചേഴ്സ് PTA | 3000 | |
| 18 | PTA എക്സിക്യൂട്ടിവ് മീറ്റിംഗ് | ഒക്ടോബർ 10 | ടീച്ചേഴ്സ് PTA | | |
| 19 | കലോത്സവം -പരിശീലനം | ഒക്ടോബർ 15 | ടീച്ചേഴ്സ് | | |
| 20 | SRG യോഗം | ഒക്ടോബർ 28 | ടീച്ചേഴ്സ് | | |
| 21 | നാടൻ പാട്ട് ശില്പശാല | നവംബർ- 7 | ടീച്ചേഴ്സ് & Resource Person | 2000 | |
| 22 | ശിശുദിനം- പ്രത്യേക അസംബ്ലി റാലി, മധുരപലഹാര വിതരണം വിവിധ മത്സരങ്ങൾ | നവംബർ-14 | ടീച്ചേഴ്സ് | 5000 | |
| 23 | PTA എക്സിക്യൂട്ടിവ് മീറ്റിംഗ് | ഡിസംബർ 2 | ടീച്ചേഴ്സ് PTA | 500 | |

| | | | | | |
|---|---|---|---|---|---|
| 24 | CPTA | ഡിസംബർ 6 | | | |
| 25 | SRG യോഗം | ഡിസംബർ | ടീച്ചേഴ്സ് | | |
| 26 | ക്രിസ്തുമസ് ആഘോഷം<br>മത്സരങ്ങൾ-star making, ആശംസാ കാർഡ് നിർമ്മാണം<br>Colouring -കലാപരിപാടികൾ | ഡിസംബർ | ടീച്ചേഴ്സ്<br>PTA | 10000 | |
| 27 | SRG യോഗം | ജനുവരി | ടീച്ചേഴ്സ് | | |
| 28 | PTA എക്സിക്യൂട്ടിവ് മീറ്റിംഗ് | ഫെബ്രുവരി | ടീച്ചേഴ്സ് | 500 | |
| 29 | School Annual Day | ഫെബ്രുവരി | ടീച്ചേഴ്സ് | 50,000 | |
| 30 | SRG യോഗം | മാർച്ച് | ടീച്ചേഴ്സ് | | |
| 31 | പഠനോത്സവം | മാർച്ച് | ടീച്ചേഴ്സ് | 3000 | |
| 32 | SRG യോഗം | മാർച്ച് | ടീച്ചേഴ്സ് | | |
| 33 | Class PTA | ഏപ്രിൽ 23 | | | |

# ഉപസംഹാരം

എല്ലാ കുട്ടികൾക്കും പഠനനേട്ടം ഉറപ്പാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ടാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. സൗജന്യ വിദ്യാഭ്യാസം കുട്ടിയുടെ ജന്മാവകാശമാണ്. പഠനനേട്ടങ്ങൾ ഓരോ കുട്ടിയിലും ഉറപ്പാക്കുന്നതിലൂടെയാണ് പഠനപ്രക്രിയ പൂർണ്ണമാകുന്നത്. ഓരോ കുട്ടിയുടെയും പഠന നിലവാരം വ്യത്യസ്തമാണ്. അതുകൊണ്ടു തന്നെ കുട്ടികളുടെ നിലവാരത്തിന് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിലൂടെ വിജയത്തിന്റെ പടവുകൾ കയറാൻ ഓരോ കുഞ്ഞുങ്ങൾക്കും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.